പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2046 — 26.03.2013-ൽ മറുപടിയ്ക്ക്

ഫീഡർ ലൈനുകൾ ഭൂഗർഭ കേബിൾ മുഖേനയാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ രണ്ടു പ്രധാന ഫീഡർ ലൈനുകൾ വയൽ വരമ്പിലൂടെ പോകുന്നതിനാൽ പതിവായി പോസ്റ്റ് ഒടിഞ്ഞു വീഴുകയും ലൈൻ പൊട്ടി വീഴുകയും ചെയ്യുന്നത് മൂലം വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വൈദ്യുതി ബന്ധം ചില സമയങ്ങളിൽ തടസ്സപ്പെടാറുണ്ട്. ഞാറയ്ക്കൽ സബ്സ്റ്റേഷനിൽ നിന്നു മാത്രമാണ് ഈ പ്രദേശത്ത് 11 കെ. വി ഫീഡറുകൾ ഉള്ളത്. പരിസരങ്ങളിൽ മറ്റ് സബ് സ്റ്റേഷനുകൾ ഇല്ലാത്തതും, അതുമൂലം സാധ്യമായ ഇൻററലിങ്കിംഗ് സൗകര്യം ഇല്ലാത്തതും വൈദ്യുതി തടസ്സത്തിന് കാരണമാകാറുണ്ട്. |
| (ബി) ഇത്തരത്തിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും അടിക്കടിയുള്ള മെയിൻറനൻസ് പ്രവൃത്തികൾ മൂലമുണ്ടാകുന്ന പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനും പ്രസ്തുത ഫീഡർ ലൈനുകൾ ഭൂഗർഭ കേബിൾ മുഖേനയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) ചെറായി സബ്സ്റ്റേഷൻ പണി നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കുറേയേറെ തടസ്സങ്ങൾ ഒഴിവാകുന്നതാണ്. കൂടാതെ മുളവുകാട് സബ്സ്റ്റേഷനിൽ നിന്നും വൈപ്പിൻ മേഖലയിലേയ്ക്ക് പുതിയ 11 കെ. വി ഫീഡർ ഇൻററലിങ്കിംഗ് സൗകര്യത്തിനായി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.